II ഇ.ബി. XIകേരള നിയമസഭ/IV26

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 23, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

200 (*591) പോലീസ് സേനയുടെ നവീകരണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ശങ്കരനാരായണൻ) നൽകിയ മറുപടിയിൽ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും സംയുക്തമായി നടപ്പിലാക്കിവരുന്ന പോലീസ് സേനാ നവീകരണ പദ്ധതിക്ക് 2001-2002-ൽ 6203.775 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെചേർക്കുന്നു:

| | | (രൂപ ലക്ഷത്തിൽ) |
|---|---|---|
| കെട്ടിടനിർമ്മാണത്തിന് | : | 3080 |
| വാഹനങ്ങൾ വാങ്ങുന്നതിന് | : | 1692 |
| ആയുധങ്ങൾ വാങ്ങുന്നതിന് | : | 15 |
| വാർത്താവിനിമയത്തിന് | : | 403.91 |
| പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് | : | 50 |
| ഫിംഗർപ്രിന്റ് ബ്യൂറോയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് | : | 100 |

| | | |
|---|---|---|
| ഫോട്ടോഗ്രാഫിക് ബ്യൂറോയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് | : | 100 |
| ക്രൈംബ്രാഞ്ചിന് ഉപകരണങ്ങൾ വാങ്ങുന്നതിന് | : | 69.70 |
| സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.–ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് | : | 62 |
| ബോംബ് സ്ക്വാഡിന് ഉപകരണങ്ങൾ വാങ്ങുന്നതിന് | : | 71.50 |
| കലാപനിയന്ത്രണ ഉപകരണങ്ങൾക്ക് | : | 71 |
| ട്രാഫിക് കൺട്രോളിന് | : | 6.6 |
| പോലീസ് സായുധ ബറ്റാലിയന് ഉപകരണങ്ങൾ വാങ്ങുന്നതിന് | : | 34.109 |
| പോലീസ് വകുപ്പിന്റെ കമ്പൂട്ടറൈസേഷന് | : | 443.01 |

2001–2002–ൽ സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി 3326.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെചേർക്കുന്നു:

(രൂപ ലക്ഷത്തിൽ)

| | | |
|---|---|---|
| വാഹനങ്ങൾ വാങ്ങുന്നതിന് | : | 1923 |
| കലാപനിയന്ത്രണ ഉപകരണങ്ങൾക്ക് | : | 97 |
| ആയുധങ്ങൾ വാങ്ങുന്നതിന് | : | 50 |
| പരിശീലനത്തിന് | : | 50 |
| വാർത്താവിനിമയ ഉപകരണങ്ങൾക്ക് | : | 403.90 |
| കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് | : | 25 |
| കെട്ടിടനിർമ്മാണത്തിന് | : | 683 |
| ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് | : | 95 |

ഈ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ ഫലമായി പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസിന്റെ സേവനം ഫലപ്രദമായി ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. വാഹനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിച്ചതുവഴി പോലീസ് പട്രോളിംഗ് ഊർജ്ജിതമാക്കുന്നതിനും കേസന്വേഷണങ്ങളുടെ കാലതാമസം ഒഴിവാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിനും സാധിച്ചിട്ടുണ്ട്. ഫിംഗർ പ്രിന്റ് ബ്യൂറോയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വാർത്താവിനിമയം സുഗമമാക്കുന്നതിനും

പോലീസ് സേനയുടെ ആത്മവീര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്. പോലീസിന് ട്രെയിനിംഗ് നൽകുമ്പോൾത്തന്നെ പൊതുജനങ്ങളോട് മര്യാദയായി പെരുമാറണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മ്യൂണിക്കേഷൻ സിസ്റ്റം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതോടെ മാത്രമേ എല്ലാ പോലീസ് സ്റ്റേഷനുകളിലും എട്ടുമണിക്കൂർ ഡ്യൂട്ടി അനുവദിക്കാൻകഴിയുകയുള്ളൂ. തൃശൂർ ജില്ലയിലെ പോലീസ് അക്കാഡമിയുടെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

201 (*592) ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ.പി.ശങ്കരൻ) നൽകിയ മറുപടിയിൽ, തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽകോളേജ് ആശുപത്രികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇ.സി.ജി., കളർ ഡോപ്ളർ, എക്കോകാർഡിയോഗ്രാം, കമ്പ്യൂട്ടറൈസ്ഡ് ട്രെഡ്മിൽ ടെസ്റ്റിംഗ് സംവിധാനം, കാർഡിയാക്ക് കത്തിട്രെയ്സേഷൻലാബ് എന്നിവ ലഭ്യമാണെന്നും കോട്ടയം മെഡിക്കൽകോളേജിൽ കാർഡിയാക്ക് കത്തിട്രെയ്സേഷൻലാബ് ഒഴികെ മറ്റെല്ലാ സൗകര്യങ്ങളും ലഭ്യമാണെന്നും എല്ലാ മെഡിക്കൽകോളേജ് ആശുപത്രികളിലും ഹൃദയചികിത്സാവിഭാഗങ്ങളിൽ രോഗപരിശോധനയ്ക്ക് ആവശ്യത്തിന് ഡോക്ടർമാരെ ലഭ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരം മെഡിക്കൽകോളേജിൽ കാർഡിയോളജി വകുപ്പിൽ ഒരു ഹാർട്ട് ഫൗണ്ടേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഹൃദ്രോഗപരിശോധനയ്ക്കും ചികിത്സയ്ക്കുമുള്ള സംവിധാനങ്ങളെല്ലാംതന്നെ വളരെ ചെലവേറിയതായതിനാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് മെഡിക്കൽകോളേജ് ആശുപത്രികളിൽ ചികിത്സമാത്രമാണ് പൂർണമായും സൗജന്യമാക്കിയിട്ടുള്ളത്. പാവപ്പെട്ട രോഗികൾക്ക് പ്രധാനമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ദുരിതാശ്വാസനിധിയിൽനിന്നും ആരോഗ്യമന്ത്രിക്ക് തന്നെ നൽകാവുന്ന 50000 രൂപയുടെ പദ്ധതിയിൽനിന്നും പരമാവധി സഹായം ലഭ്യമാക്കുന്നുണ്ട്. ഇതിനു പുറമെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഇതിലേയ്ക്കായി വിപുലമായ ഒരു ഫണ്ട് സ്വരൂപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സന്നദ്ധസംഘടനകളും മറ്റും നടത്തുന്ന മെഡിക്കൽ ക്യാമ്പുകൾക്ക് ആരോഗ്യവകുപ്പിന്റെ സഹായം ലഭ്യമാക്കാറുണ്ട്. കേടായ ഉപകരണങ്ങൾ എത്ര ചെലവുവന്നാലും നന്നാക്കുന്നതിനും പ്രധാനപ്പെട്ട രണ്ടു മെഡിക്കൽ കോളേജുകളിലേയും ഐ.സി. യൂണിറ്റുകളിലെ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹെൽത്ത് കാർഡ് സിസ്റ്റം നടപ്പാക്കുന്നതിനുള്ള വിവിധ വശങ്ങളെക്കുറിച്ച് പരിശോധിച്ചുവരികയാണ്. ഐ.സി. യൂണിറ്റുകളെല്ലാം സ്റ്റെറൈൽ (സുരക്ഷിത) ഏരിയയിലേക്ക് മാറ്റുന്ന കാര്യം സജീവ പരിഗണനയിലാണ്. തിരുവനന്തപുരം കാർഡിയോളജി വിഭാഗം കൂടുതൽ സുരക്ഷിതമാക്കാൻ സാധിച്ചിട്ടുണ്ട്. കോഴിക്കോട്

മെഡിക്കൽകോളേജിലെ കാർഡിയോളജി വിഭാഗം സുരക്ഷിതമാക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും വെന്റിലേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാ ആശുപത്രികളിൽ വെന്റിലേറ്റർ അടക്കമുള്ള ആമ്പുലൻസ് ലഭ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. താഴേത്തട്ടിൽ കൂടുതൽ ഹൃദ്രോഗ ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

202 (*593) <u>പോലീസിന് ആവശ്യമായ നൂതന ഉപകരണങ്ങൾ</u>

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഫിംഗർ പ്രിന്റ് ബ്യൂറോ, പോലീസ് ഫോട്ടോഗ്രാഫിക് ബ്യൂറോ, ഫോറൻസിക് സയൻസ് ലബോറട്ടറി എന്നീ സ്ഥാപനങ്ങളിലേക്കാവശ്യമായ നൂതന ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. ഉപകരണങ്ങൾ വാങ്ങുന്ന മുറയ്ക്ക് അവ കൈകാര്യം ചെയ്യുന്നതിന് ആവശ്യമെങ്കിൽ പരിശീലനം നൽകുന്നതാണ്. പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻവെസ്റ്റിഗേഷൻ കിറ്റ് വാങ്ങി നൽകുന്നതിനും ആധുനിക പോളിഗ്രാഫ് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫോറൻസിക് ലാബ് സുസജ്ജമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പോലീസിന്റെ അംഗസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് സ്റ്റേഷനുകളിൽ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടെന്ന് ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

203 (*594) <u>മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ പരിപാടി</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ പരിപാടി നടപ്പിലാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രോത്സാഹനനിധിയിൽനിന്നും ധനസഹായം ലഭ്യമാകുമെന്ന് അറിയിച്ചു. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സാമ്പത്തികം, ഊർജ്ജം, ബഡ്ജറ്റ്, പൊതു മേഖലകളുടെ പുനഃസംഘടന എന്നീ മേഖലകളിലെ പരിഷ്കരണങ്ങൾക്ക് രൂപം നൽകിയിരിക്കുന്നു.

204 (*599) <u>ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ , ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ

ടെക്നോളജി (അനർട്ട്) തിരുവനന്തപുരം, സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്), തിരുവനന്തപുരം, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, തിരുവനന്തപുരം, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, നാഷണൽ ട്രാൻസ്പോർട്ട്, പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാട്പാക്), തിരുവനന്തപുരം എന്നീ ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പൊതുവായ ആരോഗ്യ സംരക്ഷണം, മൃഗശാസ്ത്രം, കൃഷി, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന ശാസ്ത്രം, മാനവശേഷി വികസനം, ജൈവ വൈവിദ്ധ്യാധിഷ്ഠിത സംരക്ഷണ വികസനം, ജൈവ വൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗം, ഊർജ്ജ സംരക്ഷണം, പ്രകൃതിക്ഷോഭ പഠനം തുടങ്ങിയ പദ്ധതികളാണ് ഈ ഗവേഷണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

205 (*612) <u>മരുന്നുകൾ നിരോധിക്കുന്നതിനുള്ള മാനദണ്ഡം</u>

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 2002–2003–ൽ (30–6–2002 വരെ) 39 മരുന്നുകളുടെ വിൽപന നിരോധിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഗുണനിലവാര മില്ലാത്തതായി ഗവൺമെന്റ് അനലിസ്റ്റ് പ്രഖ്യാപിച്ചതും, ഒരേ ബ്രാന്റ് നാമത്തിൽ ഒന്നിൽ കൂടുതൽ മരുന്നുകൾ വിൽക്കപ്പെടുന്നതും, ഔഷധത്തിന്റെ ലേബലിലും പാക്കിംഗുകളിലും ക്രമക്കേടുകൾ ഉണ്ടായതും, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമമനുസരിച്ചുള്ള നിർമ്മാണ ലൈസൻസ് ഇല്ലാതെ നിർമ്മിച്ച് വിപണനം നടത്തുന്നതുമായ മരുന്നുകളുടെ വിൽപനയാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ നിരോധിക്കുന്നത്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

189 (3720) <u>ദാരിദ്ര്യ നിർമ്മാർജ്ജന ഘടക പദ്ധതി</u>

പത്താം പഞ്ചവൽസര പദ്ധതി കാലയളവിൽ സംസ്ഥാന സർക്കാരിന് ലഭ്യമായ പദ്ധതി വിഭവങ്ങളുടെ മൂന്നിലൊരു ഭാഗമായ 8000 കോടി രൂപയോളം തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വികേന്ദ്രീകൃതാസൂത്രണവും നിർവഹണവും നടത്തുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ചെലവഴിക്കുന്ന തുക ചുവടെ ചേർക്കുന്നു:

| പദ്ധതി | സംസ്ഥാനവിഹിതം | കേന്ദ്രവിഹിതം |
|---|---|---|
| **സുവർണ്ണജയന്തി സ്വറോസ്ഗർ യോജന** | 59.80 | 179.40 |

| | | |
|---|---|---|
| **ഇന്ദിര ആവാസ് യോജന** | 71.40 | 214.20 |
| **സമ്പൂർണ്ണഗ്രാമീൺ റോസ്ഗർയോജന** | 84.95 | 254.85 |
| ഗ്രാമീണ ഭവനനിർമ്മാണ ത്തിന് സബ്സിഡിയോടു കൂടിയ വായ്പാപദ്ധതി (സബ്സിഡി ഘടകംമാത്രം) | 5.34 | 16.02 |

190 (3750) **<u>കുറ്റകൃത്യങ്ങളുടെ എണ്ണം</u>**

**ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 154,051 (17-5-2001 മുതൽ 16-5-2002 വരെ) കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ട്..**

191(3790) <u>തീരപഥം പദ്ധതി</u>

തിരുവനന്തപുരം ജില്ലയുടെ പശ്ചിമഘട്ട തീരപ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തീരപഥം പദ്ധതിയുടെ അടങ്കൽ തുക 950 കോടി രൂപയാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളായ വേളി, ആക്കുളം പ്രദേശങ്ങളും കോവളവും തമ്മിൽ ബന്ധിപ്പിക്കുന്ന പാർവതീപുത്തനാറിനെയും സമീപപ്രദേശങ്ങളെയും വികസിപ്പിച്ച് ഒരു അത്യാധുനിക ടൗൺഷിപ്പാക്കി മാറ്റുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

192 (3861) <u>ഹോമിയോ ഡിസ്പെൻസറികൾ</u>

സംസ്ഥാനത്ത് 524 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

....